പാർട്ടി വിട്ട് കിസാൻ–മസ്ദൂർ–പ്രജാ പാർട്ടിയിലും സർവോദയ പ്രസ്ഥാനത്തിലും അഭയം തേടുകയാണുണ്ടായത് എന്ന വസ്തുത അർത്ഥഗർഭമാകുന്നു.

കേരളത്തിലെ, പ്രത്യേകിച്ചും ഈ സംസ്ഥാനത്തിന്റെ വടക്കെ പകുതിയിലെ, ഹരിജനങ്ങളെ ഉദ്ധരിക്കുന്നതിന് കേളപ്പജിയെപ്പോലെ ആത്മാർത്ഥമായും ദീർഘകാലവും പ്രവർത്തിച്ച മറ്റൊരാൾ ഇല്ലതന്നെ. ഗുരുവായൂർ ക്ഷേത്രനടയ്ക്കൽ കേളപ്പജി അനുഷ്ഠിച്ച ഉഗ്രതപസ്സാണ് ഹിന്ദുസമൂഹത്തിന്റെ കളങ്കമായിരുന്ന അയിത്തം ഉച്ചാടനംചെയ്ത്, ക്ഷേത്രപ്രവേശനം എല്ലാ ഹിന്ദുക്കളുടെയും അവകാശമാക്കിത്തീർത്തത് എന്ന കാര്യത്തിലും സംശയമില്ല. പിതൃനിർവിശേഷമായ സ്നേഹത്തോടെ കേളപ്പജി വളർത്തിയ എത്രയോ ഹരിജനബാലന്മാർ പിന്നീട് സമൂഹത്തിന്റെ ഉന്നതസ്ഥാനങ്ങളിൽ ചെന്നെത്തുകയുണ്ടായി. കേളപ്പജിയുടെ ആവേശങ്ങളിൽ എന്നും ഒന്നാം സ്ഥാനത്തു നിന്നിരുന്നത് ഹരിജനപ്രേമമായിരുന്നു.

ഹിന്ദു–മുസ്ലിം മൈത്രിക്കുവേണ്ടി കേളപ്പജി ചെയ്തുവന്ന പ്രയത്നങ്ങൾ സുവിദിതങ്ങളാണ്. അതേസമയം, ആരാധനയ്ക്കുള്ള ഹിന്ദുക്കളുടെ അവകാശം തടയപ്പെടുന്നത് ചുമ്മാ നോക്കിനില്ക്കാനും അദ്ദേഹം തയ്യാറല്ലായിരുന്നു. ഗാന്ധിജിയെപ്പോലെ കേളപ്പജിയും എല്ലാ മതങ്ങളോടും സമാനമായ ആദരം പുലർത്തി. ജീവിതത്തെ ഉദാത്തമായ ഒരു യജ്ഞമായി ഇരുവരും വീക്ഷിച്ചു.

സമരരംഗത്ത് അജയ്യനായ ഒരു സേനാപതിയായിരുന്നു കേളപ്പജി. ഗാന്ധിയൻ സമരമുറ കേരളം പഠിച്ചത് കേളപ്പജിയുടെ ആചരണം നോക്കിയാണ്. അദ്ദേഹത്തിന്റെ ധീരമായ നേതൃത്വത്തെ പിന്തുടരുന്നതിൽ ദേശാഭിമാനികളായ കേരളീയർ അഭിമാനഭരിതരായി.

ഗാന്ധിജിയെപ്പോലെ കേളപ്പജിയും മഹാനായ ഒരധ്യാപകനായിരുന്നു. അധ്യാപകനായി അദ്ദേഹം ജീവിതം ആരംഭിച്ചു. ഗാന്ധിജി ആവിഷ്കരിച്ച വാർധ വിദ്യാഭ്യാസമാതൃക തികച്ചും അനുവർത്തിക്കുന്ന ഒരു ഗ്രാമീണ സർവകലാശാലയായി തവനൂർ റൂറൽ ഇൻസ്റ്റിറ്റ്യൂട്ടിനെ വളർത്തിയെടുക്കുവാനായിരുന്നു അവസാന വർഷങ്ങളിൽ കേളപ്പജിയുടെ അശ്രാന്ത പരിശ്രമം.

ഗാന്ധിജിയെ ഭാരതം തഴഞ്ഞുകളഞ്ഞതുപോലെ കേളപ്പജിയെ കേരളവും അവഗണിച്ചിരിക്കുകയാണെന്ന് നമുക്ക് തോന്നാം. രണ്ടുപേരുടെയും സ്വപ്നങ്ങൾ തല്ക്കാലത്തേക്കെങ്കിലും പരാജയപ്പെട്ടിരിക്കുകയാണെന്നതും ഒരു വസ്തുതയാവാം. എന്നാൽ, ഇത്തരം സ്വപ്നങ്ങളാണ് ഒരു രാഷ്ട്രത്തിന്റെ യഥാർത്ഥ സഞ്ചിതധനം എന്ന യാഥാർത്ഥ്യം നാം കാണാതിരുന്നുകൂടാ. ആ സ്വപ്നങ്ങൾ ഏറ്റുവാങ്ങാൻ നമ്മുടെ തലമുറ അർഹത നേടിയിട്ടില്ലെന്നേ കരുതേണ്ടതുള്ളൂ. സമയം വരുമ്പോൾ ആ സ്വപ്നങ്ങൾ വീണ്ടും ഉദ്ദീപ്തങ്ങളാവുകയും, ധീരനൂതനപ്രയത്നങ്ങളിലേക്ക് അവ ഈ രാഷ്ട്രത്തെ നയിക്കുകയുംചെയ്യുമെന്ന ആശ അസ്ഥാനത്തിലല്ല.

(24 ആഗസ്റ്റ്, 1988)

# 67. കേളപ്പൻ എന്ന പത്രാധിപർ

സ്വാതന്ത്ര്യസമരനേതാവ്, രാഷ്ട്രീയ പ്രവർത്തകൻ, ഹരിജനോദ്ധാരകൻ, സത്യാഗ്രഹി, ഗാന്ധിശിഷ്യൻ, സർവോദയപ്രവർത്തകൻ—കേളപ്പനെപ്പറ്റി ചിന്തിക്കുമ്പോൾ, പല ദിശകളിൽ വികസിച്ച അദ്ദേഹത്തിന്റെ സമഗ്രമായ വ്യക്തിത്വത്തിലെ ഓരോ വശങ്ങളാണ്, സ്വന്തം അനുഭവത്തെ ആസ്പദമാക്കി അദ്ദേഹത്തിന്റെ സമകാലികരുടെ ഹൃദയങ്ങളിൽ തെളിഞ്ഞുവരിക. ഇക്കൂട്ട

ത്തിൽ പത്രാധിപർ എന്ന നിലയിൽ അദ്ദേഹത്തെ അനുസ്മരിക്കുന്നവർ താരതമ്യേന കുറവായിരിക്കും.

1930 ജനുവരി 23–ാം തീയതി ശ്രീ പി. രാമുണ്ണിമേനോൻ മാതൃഭൂമിയുടെ പത്രാധിപസ്ഥാനം ഒഴിഞ്ഞു. അന്നുമുതൽ, അതേ വർഷം മെയ് 23–ാം തീയതി പയ്യന്നൂർ ഉപ്പുസത്യാഗ്രഹവുമായി ബന്ധപ്പെട്ട് അറസ്റ്റിലാവുന്നതുവരെ മാതൃഭൂമിയുടെ പത്രാധിപത്യം കേളപ്പൻ വഹിക്കുകയുണ്ടായി. ഈ കാലഘട്ടത്തിൽത്തന്നെ, 1930 ഏപ്രിൽ 1–ാം തീയതി ശ്രീ സി. എച്ച്. കുഞ്ഞപ്പ മാതൃഭൂമിയിൽ ചേർന്നതുമുതൽ, അദ്ദേഹമായിരുന്നു യഥാർത്ഥത്തിൽ പത്രാധിപരുടെ ചുമതല വഹിച്ചിരുന്നത് എന്നു കാണുന്നു. ഏതാണ്ട് രണ്ടു മാസത്തോളമേ ഈ കാലഘട്ടത്തിൽ കേളപ്പൻ മാതൃഭൂമിയുടെ യഥാർത്ഥ പത്രാധിപരായിരുന്നുള്ളു.

പിന്നീട്, 1934 നവംബർ 24–ാം തീയതി ശ്രീ പി. നാരായണൻനായർ മാതൃഭൂമി ദിനപത്രത്തിന്റെ ആധിപത്യം ഒഴിഞ്ഞപ്പോൾ വീണ്ടും കേളപ്പൻ ആ സ്ഥാനം കൈയേല്ക്കുകയുണ്ടായി. പിന്നീട്, 1938–ൽ മലബാർ ഡിസ്ട്രിക്ട് ബോർഡിന്റെ പ്രസിഡന്റ് ആയി തെരഞ്ഞെടുക്കപ്പെടുന്നതുവരെ അദ്ദേഹം ആ പദവി വഹിക്കുകയും ചെയ്തു. ഇങ്ങനെ രണ്ടു സന്ദർഭങ്ങളിൽ നേരിട്ട് പത്രാധിപത്യം ഏറ്റെടുത്തതിനു പുറമേ, മാതൃഭൂമിയുടെ മാനേജർ, പ്രിന്റർ, പബ്ലിഷർ എന്നീ ചുമതലകളും പലകാലത്തായി കേളപ്പൻ വഹിച്ചിട്ടുണ്ട്. 1934–ൽ കേളപ്പനുവേണ്ടി പത്രാധിപപദവി ഒഴിഞ്ഞുകൊടുക്കുന്ന അവസരത്തിൽ ശ്രീ പി. നാരായണൻനായർ എഴുതി:

'മാതൃഭൂമി തുടങ്ങിയതുമുതൽ ഇന്നയിന്ന സ്ഥാനങ്ങളിലിരുന്ന ഇന്നയിന്ന പ്രകാരങ്ങളിലേ, ശ്രീമാൻ കേളപ്പൻ മാതൃഭൂമിയുടെ ഉത്തരോത്തരമുള്ള അഭിവൃദ്ധിക്കു സഹായിച്ചിട്ടുള്ള എന്നു വിവരിക്കുക പ്രയാസമാണ്. പത്രാധിപർ, പ്രസാധകൻ, മുദ്രണക്കാരൻ എന്നീ നാനാസ്ഥാനങ്ങളിലും മാതൃഭൂമിക്ക് അലങ്കാരമായി ശ്രീമാൻ കേളപ്പൻ പരിശോഭിച്ചിട്ടുണ്ട്. ഇടയ്ക്കിടെ ഈ സ്ഥാനങ്ങളിൽനിന്ന് ഒഴിഞ്ഞുനില്ക്കാൻ അദ്ദേഹം നിർബന്ധനായിട്ടുണ്ടെങ്കിൽ, അത് രാജ്യസേവാപരമായ മറ്റു രംഗങ്ങളിൽ അദ്ദേഹത്തിന്റെ സാന്നിദ്ധ്യം കൂടുതൽ ആവശ്യമായതിനാൽ മാത്രമാണ്. കേരളീയരുടെ ഉന്മേഷവും പ്രജ്ഞാശക്തിയും തട്ടിയുണർത്തുമാറ് ഏതെല്ലാം വിഷയങ്ങളെക്കുറിച്ച് എത്രയെത്ര വിശിഷ്ട ലേഖനങ്ങളാണ് മാതൃഭൂമി പംക്തികളിൽക്കൂടിത്തന്നെ അദ്ദേഹത്തിന്റെ പേനയിൽനിന്ന് നിർഗളിച്ചിട്ടുള്ളത്. രാജ്യസേവനത്തിലും സമുദായസേവനത്തിലും മുന്നിട്ടുനില്ക്കുന്ന ഒരു കർമധീരനെന്ന നിലയിൽ മാത്രമല്ല, ഒരു വിശിഷ്ട ഗദ്യകാരനെന്ന നിലയിലും അദ്ദേഹത്തിനു പൊതുജനസേവകരുടെ ഇടയിലുള്ള ഉന്നതസ്ഥാനത്തെക്കുറിച്ച്, അദ്ദേഹത്തിന്റെ ശിഷ്യത്വത്തിൽ അഭിമാനിക്കുന്ന ഞാൻ, പ്രത്യേകിച്ചും ഈ ഘട്ടത്തിൽ, വിസ്തരിക്കുന്നത് ഉചിതമായിരിക്കയില്ല.

## പത്രപ്രവർത്തനമെന്ന രാജ്യസേവനം

പത്രപ്രവർത്തനം സംബന്ധിച്ച് തന്റെ കാഴ്ചപ്പാട് എന്തെന്ന് ഈ അവസരത്തിൽ മാതൃഭൂമിയിൽ എഴുതിയ 'പ്രസ്താവന'യിൽ കേളപ്പൻ വിശദമാക്കുന്നുണ്ട്. കഴിഞ്ഞ ഒരു വ്യാഴവട്ടക്കാലത്തിലധികമായി താൻ ചെയ്തുപോന്ന രാജ്യസേവനംതന്നെയാണ് മാതൃഭൂമിയുടെ പത്രാധിപത്യത്തിലൂടെ താൻ തുടരുന്നതെന്ന് അദ്ദേഹം പ്രസ്താവിച്ചു. അദ്ദേഹം ഇങ്ങനെ തുടർന്നു: 'തല്ക്കാലം കയ്യേററ ഈ പ്രവൃത്തി എന്റെ പൊതുജീവിതത്തിൽ ഒരു മാററവും ഉണ്ടാക്കുന്നില്ല. നമ്മുടെ നാട്ടിൽ ഇന്നു കാണുന്ന ദേശീയബോധം വളർത്താൻ മാതൃഭൂമി ഗണ്യമായി സഹായിച്ചിട്ടുണ്ട് എന്നു ഞാൻ അഭിമാനിക്കുന്നു. ഭാരതീയരുടെ ദേശീയബോധം വളർത്തുക എന്നുള്ള മാതൃഭൂമിയുടെ പ്രധാന കർത്തവ്യത്തി

ന്റെ നിർവ്വഹണത്തിൽ ഞാൻ യഥാശക്തി പങ്കുകൊള്ളുന്നതാണ്. അതിൽക്കവിഞ്ഞ് ഞാൻ വല്ലതും ചെയ്യേണ്ട സന്ദർഭം വരുമ്പോൾ ഞാൻ പിന്നോക്കം വെക്കില്ല എന്നും വിനീതമായി പൊതുജനങ്ങളെ അറിയിച്ചുകൊള്ളുന്നു. ഞാൻ ഇന്നു ചെയ്തുപോരുന്ന ഹരിജനസേവനത്തിനും ഇന്നു ഞാൻ കയ്യേററ ജോലി (പത്രാധിപരുടെ) സഹായകമായിരിക്കുമെന്നു ഞാൻ ആശിക്കുന്നു.

'ദേശീയബോധം വളർത്തുക' എന്നതാണ് പത്രാധിപത്യത്തിന്റെ മുഖ്യലക്ഷ്യമായി കേളപ്പൻ കരുതിയത് എന്ന് ഈ ഉദ്ധരണത്തിൽനിന്നു വ്യക്തമാവുന്നു. എന്നാൽ, ദേശീയബോധത്തെ സംബന്ധിച്ച സങ്കല്പം അത്യന്തം വിശാലമായ ഒന്നായിരുന്നു. ജനതയുടെ ഭൗതികവും മാനസികവും ആദ്ധ്യാത്മികവുമായ ഒരു സമഗ്ര പുനരുത്ഥാനത്തിൽ ചുരുങ്ങിയ ഒന്നുമായിരുന്നില്ല, അദ്ദേഹത്തിന്റെ ദൃഷ്ടിയിൽ, ദേശീയബോധം. ഈ പുനരുത്ഥാനത്തിൽ സാഹിത്യം എത്രയും ശക്തിമത്തായ ഒരായുധമായിരിക്കുമെന്ന് അദ്ദേഹത്തിന് ഉറപ്പുണ്ടായിരുന്നു. പുരോഗമനസാഹിത്യത്തെ സംബന്ധിച്ച ആശയങ്ങൾ അന്ന് ഇന്ത്യയിലെങ്ങും രൂപംകൊണ്ടുവരികയായിരുന്നു. ഗാന്ധിജിയുടെ സർവ്വങ്കഷങ്ങളായ ആദർശങ്ങളായിരുന്നു ഈ ധാരണകൾക്കടിയിൽ. മഹാത്മാഗാന്ധി അദ്ധ്യക്ഷനും മുൻഷി പ്രേംചന്ദ്, കെ. എം. മുൻഷി എന്നിവർ കാര്യദർശിമാരുമായി ഏതാണ്ട് ഇക്കാലത്ത് രൂപവൽക്കരിക്കപ്പെട്ട ഭാരതീയ സാഹിത്യ സമ്മേളനം സാഹിത്യപുരോഗതിയെ സംബന്ധിച്ച സിദ്ധാന്തങ്ങൾക്ക് ഇന്ത്യയൊട്ടാകെ വിപുലമായ പ്രചാരണം നൽകി. ഇവയുടെ അലയൊലികൾ കേരളത്തിലും എത്താതിരുന്നില്ല. സാഹിത്യം സംബന്ധിച്ച കേളപ്പന്റെ ധാരണകൾ ഇവയിൽനിന്നു വ്യത്യസ്തങ്ങളായിരുന്നില്ല. അതോടൊപ്പം, വിജ്ഞാനത്തിന്റെ വിപുലങ്ങളായ മേഖലകളിലേക്ക് സാധാരണ പൗരന്മാരെ ഉപനയിക്കുന്നതിന് പത്രപ്രവർത്തനം എത്രമാത്രം ഉപകരിക്കുമെന്നും അദ്ദേഹത്തിനറിയാമായിരുന്നു.

## പുരോഗമനാശയങ്ങളോടുള്ള ആഭിമുഖ്യം

ഇക്കാരണത്താൽ പുരോഗമനാശയങ്ങൾ ഉൾക്കൊണ്ട എത്രയോ എഴുത്തുകാരെ ശ്രീ പി. നാരായണൻനായർ പറഞ്ഞതുപോലെ അവരുടെ ഉന്മേഷവും പ്രജ്ഞാശക്തിയും തട്ടിയുണർത്തി മാതൃഭൂമിയിൽ അണിനിരത്തുവാൻ കേളപ്പൻ യത്നിച്ചു. അതേസമയം, ഭാരതീയസംസ്കാരത്തിന്റെ പ്രാചീന ഗൗരവത്തെ സംബന്ധിച്ചും കേളപ്പനു നല്ല മതിപ്പായിരുന്നു. അതിനാൽ പ്രാചീന രീതിയിൽ പാണ്ഡിത്യം ആർജിച്ചവരെ അവരുടെ രാഷ്ട്രീയ—സാമൂഹ്യ വിചാരഗതികൾ അത്രയൊന്നും പുരോഗമനപരമല്ലെങ്കിൽക്കൂടി അദ്ദേഹം അനാദരിച്ചില്ല. അവരുടെ രചനകൾക്കു പത്രപംക്തികളിൽ അദ്ദേഹം ധാരാളം സ്ഥാനം അനുവദിച്ചുവന്നു. ഇക്കാരണത്താൽ മാതൃഭൂമി മലയാളസാഹിത്യത്തിൽ പുതുമയുടെയും പഴമയുടെയും ആരോഗ്യകരമായ സങ്കരണത്തിനു സാക്ഷ്യംവഹിച്ചു. പുതുമയുള്ള രചനകളോട് കേളപ്പൻ പുലർത്തിവന്ന തുറന്ന സമീപനത്തെ 'കൂട്ടുകൃഷി' എന്ന ഇടശ്ശേരിയുടെ നാടകത്തിനും 'മുച്ചീട്ടുകളിക്കാരന്റെ മകൾ' എന്ന വൈക്കം മുഹമ്മദ് ബഷീറിന്റെ ചെറുനോവലിനും അദ്ദേഹം എഴുതിയ ആസ്വാദനങ്ങൾ വെളിവാക്കുന്നു.

എന്നാൽ, ദേശീയബോധം വളർത്തുന്നതിന്റെ മുഖ്യഭാഗം നൂററാണ്ടുകളായി ഇവിടെ നിലനിന്നുവന്ന അനാചാരങ്ങളോടും ഒന്നര നൂററാണ്ടായി ഇന്ത്യയിൽ ആധിപത്യം നിലനിർത്തിവരുന്ന ബ്രിട്ടീഷ് ഭരണത്തോടും തീവ്രമായ വിരോധം ജനഹൃദയങ്ങളിൽ വളർത്തുകതന്നെയാണെന്ന ദൃഢവിശ്വാസവും കേളപ്പനുണ്ടായിരുന്നു. അതിനാൽ, കേളപ്പൻ മാതൃഭൂമിയുടെ പത്രാധിപത്യം സ്വീകരിക്കുന്നതിനുമുമ്പും പിമ്പുമെന്നപോലെ കേളപ്പന്റെ പത്രാധിപത്യകാലത്തും മാതൃഭൂമിയുടെ മുഖ്യലക്ഷ്യം കോൺഗ്രസ്സിന്റെ സന്ദേശങ്ങൾ ഗ്രാമാ

തരങ്ങളിലെത്തിച്ച് അധഃകൃതരെ ഉയർത്തി ഒരു പുതിയ ജനാധിപത്യ സംസ്കാരം നിലവിൽ വരുത്തുകയും ഉദ്ബുദ്ധരായ ബഹുജനങ്ങളെ ബ്രിട്ടീഷ്‌വാഴ്ചയ്ക്കെതിരായ അന്തിമസമരത്തിനു തയ്യാറാവുകയുംതന്നെയായിരുന്നു.

വ്യക്തിപരമായ ഒരു കുറിപ്പോടെ ഈ പ്രഭാഷണം അവസാനിപ്പിക്കട്ടെ: എന്റെ ഒരു കൃതി ആദ്യമായി പ്രസിദ്ധീകരിക്കപ്പെട്ടതു് 1936 മെയ് 11-ാം തീയതിയിലെ മാതൃഭൂമി ആഴ്ചപ്പതിപ്പിലായിരുന്നു. അന്നു് കേളപ്പനായിരുന്നു മാതൃഭൂമിയുടെ പത്രാധിപർ. വാരികയുടെ പത്രാധിപർ ശ്രീ പി നാരായണൻ നായരും. 'രാവണവധാന്തത്തിലെ വിഭീഷണൻ' എന്ന കവിതയാണ് ഇങ്ങനെ ആദ്യമായി അച്ചടിമഷികൊണ്ടു് അക്ഷീകൃതമാകാൻ യോഗമുണ്ടായതു്. സാധാരണ നടപ്പിൽനിന്നു വ്യത്യസ്തമായി സാമ്രാജ്യം മോഹിച്ചു ശത്രുപക്ഷത്തു ചേർന്ന ഒരു ഒറ്റുകാരനായി ഈ കവിതയിൽ വിഭീഷണനെ ചിത്രീകരിച്ചിരുന്നു. തീരെ അപ്രസിദ്ധനായ പത്രലോകവുമായി ഒരു ബന്ധവുമില്ലാത്ത എന്റെ കവിത മലയാളസാഹിത്യത്തിലെ മഹാപ്രതിഭാശാലികളുടെ കേളീരംഗമായ മാതൃഭൂമി ആഴ്ചപ്പതിപ്പിൽ ആദ്യത്തെ പേജിൽത്തന്നെ അച്ചടിച്ചുവന്നുകണ്ടപ്പോൾ എനിക്കുണ്ടായ വികാരം സന്തോഷത്തെക്കാളേറെ അമ്പരപ്പായിരുന്നു. പിന്നീടു് 'ഗുരുവും ശിഷ്യനും', 'സുഹാസിനീം സുമധുരഭാഷിണീം' 'നാസ്തികൻ' എന്ന എന്റെ മൂന്നു ഗദ്യലേഖനങ്ങൾകൂടി തുടരെത്തുടരെ ആഴ്ചപ്പതിപ്പിൽ പ്രസിദ്ധീകരിക്കപ്പെടുകയുണ്ടായി. ഇന്ത്യയുടെ കഠിനമായ ദാരിദ്ര്യത്തോടും ദരിദ്രജനതയെ അന്ധവിശ്വാസങ്ങൾകൊണ്ടു വീണ്ടുംവീണ്ടും വരിഞ്ഞുമുറുക്കുന്ന മതങ്ങളോടുമുള്ള തീക്ഷ്ണമായ പ്രതിഷേധമായിരുന്നു ഈ ലേഖനങ്ങളുടെ പ്രമേയം. എഴുത്തുകാരൻ എന്ന ഒരു റോൾ ജീവിതത്തിൽ എനിക്കു നിർവഹിക്കാനുണ്ടെന്ന ധാരണ എന്നിൽ അങ്കുരിച്ചതു് ഇവയുടെ പ്രസിദ്ധീകരണത്തിന്റെ ഫലമായിട്ടാണു്. അതിനാൽ, എന്റെ സാഹിത്യജീവിതത്തിൽ കേളപ്പനോടും പി. നാരായണൻനായരോടും എനിക്കു വമ്പിച്ച കടപ്പാടാണുള്ളതു്.

(16 ഒക്ടോബർ, 1988)

# 68. നെഹ്റു സ്മരണ

ഒരാളെ മറക്കാൻ എത്ര വർഷം വേണം? മരിച്ച ഒരാളുടെ ആശയാദർശങ്ങൾ മറക്കാനാണെങ്കിൽ ഏതാനും ദിവസം മതിയാവും. ജവാഹർലാൽ നെഹ്റു മരിച്ചിട്ട് ഇരുപത്തിനാലു വർഷങ്ങളായി. അദ്ദേഹത്തെ ഏറെക്കുറെയും അദ്ദേഹത്തിന്റെ ആശയാദർശങ്ങളെ ഏതാണ്ടു പൂർണമായും ഇന്ത്യ മറന്നുവെങ്കിൽ അതിൽ അത്ഭുതപ്പെടാൻ എന്തിരിക്കുന്നു?

പക്ഷേ, നെഹ്റുവിന്റെ ആശയാദർശങ്ങളെ വിസ്മരിക്കുകയെന്നതു് ഇന്ത്യയെ സംബന്ധിച്ചിടത്തോളം ആപല്ക്കരമാകുന്നു. ഇരുണ്ട അടിമത്തത്തിന്റെ നീണ്ട ഭൂതകാലത്തിൽനിന്നു് ഇന്ത്യയിലെ ജനകോടികളെ മോചിപ്പിക്കുകയും ഭൗതികമായും ആദ്ധ്യാത്മികമായും സമ്പന്നമായ ഒരു ജീവിതത്തിനു് അവരെ അവകാശികളാക്കുകയുമെന്നതായിരുന്നു ജവാഹർലാൽ നെഹ്റുവിന്റെ ദീർഘജീവിത സാധന. സ്വാതന്ത്ര്യലബ്ധിക്കും സ്വാതന്ത്ര്യലബ്ധിക്കു ശേഷമുള്ള ജനാധിപത്യചരിത്ര കാലത്തിലെ മാർഗദർശകങ്ങളായ ആശയാദർശങ്ങൾക്കും മററാരോടുമുള്ളതിലധികം നാം ജവാഹർലാൽ നെഹ്റുവിനോടു കടപ്പെട്ടിരിക്കുന്നു. ആ ആശയാദർശങ്ങളെ വിസ്മരിക്കുക എന്നതിനർത്ഥം പുരോഗതിയെന്ന ലക്ഷ്യത്തിൽനിന്നു നാം അകന്നകന്നുപോവുകയെന്നതാണു്. പുതിയ പുതിയ ചതിക്കുഴികളിൽ രാഷ്ട്രം ചെന്നു കുടുങ്ങുകയെന്നതാണു്.